File No.TRY/11538/2019-C NPS2

ഭരണഭാഷ – മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 17/08/2019

നം. TRY/11538/2019-C NPS2

**സർക്കുലർ നം. 43/2019**

വിഷയം : ദേശീയ പെൻഷൻ പദ്ധതി – സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നത്– സംബന്ധിച്ച്.

സൂചന : സ.ഉ.(അച്ചടി) നം.126/2016/ധന. തിരുവനന്തപുരം, തീയതി: 31.08.2016.

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും സർവ്വീസിലിരിക്കെ മരണമടയുകയും ചെയ്യുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% ത്തിനു തുല്യമായ തുക ആശ്വാസ ധനസഹായമായി അനുവദിച്ചുകൊണ്ട് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ആനുകൂല്യം നിലവിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷ സമർപ്പിക്കുന്നവരുടെ കാര്യത്തിൽ അവകാശികൾക്ക് ആശ്രിത നിയമനം ലഭിക്കുന്നതുവരെ തുടരേണ്ടതാണ്.

ആശ്വാസ ധനസഹായത്തിന് 01.04.2013 മുതൽ മുൻകാല പ്രാബല്യം ഉണ്ടായിരിക്കും. ഈ ആനുകൂല്യം ഭാര്യ / ഭർത്താവ്, 25 വയസ്സിനു താഴെയുള്ള മകൻ / മകൾ (വിവാഹിതരാകുന്നത് വരെയോ ആശ്രിത നിയമനം ലഭിക്കുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ വയസ്സിന്റെ മുൻഗണനാ ക്രമത്തിൽ ), മരണമടയുന്ന ജീവനക്കാരൻ അവിവാഹിതൻ / അവിവാഹിതയാണെങ്കിൽ മാതാപിതാക്കൾ (കെ.എസ്.ആർ ഭാഗം III ചട്ടം 90(6A)ൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായി ജീവിതാവസാനം വരെ) എന്നിവർക്ക് മുൻഗണനാ ക്രമത്തിൽ നൽകേണ്ടതാണ്. അപേക്ഷകർ മാതാപിതാക്കളാണെങ്കിൽ ആശ്വാസ ധനസഹായം രണ്ടു പേർക്കും തുല്യമായി വീതിച്ച് നൽകേണ്ടതാണ്.

ധനകാര്യ (എൻ.പി.എസ് സെൽ) വകുപ്പിൽ നിന്നും ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ആശ്വാസ ധനസഹായമായി അനുവദിച്ച തുക " 2071-01-117-90(NP-V) Compassionate Assistance to the dependents of employee who died while in service and was enrolled under National Pension System" എന്ന ശീർഷകത്തിൽ നിന്നും ആശ്രിതരുടെ ട്രഷറി / ബാങ്ക് അക്കൗണ്ട് മുഖേന ബന്ധപ്പെട്ട ട്രഷറി ഓഫീസർ വിതരണം ചെയ്യേണ്ടതാണ്. ഇതിലേയ്ക്കായി പെൻഷൻ ടൈപ്പ് – 178 പിംസിൽ create ചെയ്തിട്ടുണ്ട്.

ആശ്വാസ ധനസഹായം സ്വീകരിക്കുന്ന വ്യക്തി , ടി ധനസഹായം

അനുവദിച്ച കൊണ്ടുള്ള ധനകാര്യ (എൻ.പി.എസ്.സെൽ) വകുപ്പിന്റെ ഉത്തരവുമായി ബന്ധപ്പെട്ട ട്രഷറി ഓഫീസറെ സമീപിക്കുന്ന മുറയ്ക്ക് പെൻഷൻ വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉത്തരവിനോടൊപ്പമുള്ള ഡിസ്പോസിറ്റീവ് റോൾ പരിശോധിച്ച് യഥാർത്ഥ അവകാശിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ധനസഹായം വിതരണം ചെയ്യുന്നത് ബാങ്ക് അക്കൗണ്ടിലൂടെയാണെങ്കിൽ ഫോട്ടോ പതിച്ച ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് ഹാജരാക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്.

പിംസ്-ൽ പി.പി.ഒ നമ്പറിന് പകരം ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന compassionate അസ്സിസ്റ്റൻസ് അലോട്ട്മെന്റ് നമ്പർ (CAAN) ചേർക്കേണ്ടതാണ്. ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയതിനു ശേഷം പെൻഷൻ പ്രോസസ്സിങ്ങിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് . വിതരണം നിർത്തലാക്കുവാനുള്ള സർക്കാർ നിർദ്ദേശം ലഭിയ്ക്കുന്നതുവരെ ടി പെൻഷൻ മുൻക്കുറല്ലാതെ പ്രതിമാസം നൽകേണ്ടതാണ്.

മരണപ്പെട്ട വ്യക്തിയുടെ ഭാര്യ /ഭർത്താവ് പുനർ വിവാഹം കഴിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ്, സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ആശ്രിതന് ജോലി ലഭിച്ചിട്ടില്ല എന്ന സത്യപ്രസ്താവന , ആശ്വാസധനസഹായം വാങ്ങുന്ന വ്യക്തിയുടെ ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ ധനസഹായം കൈപ്പറ്റുന്ന വ്യക്തി എല്ലാ വർഷവും ജനുവരി മാസം ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിക്കുന്നുണ്ടെന്ന് ട്രഷറി ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ടി രേഖകളുടെ പകർപ്പ് ധനകാര്യ (എൻ.പി.എസ് *സെൽ*) വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

എൻ.പി.എസ് ആശ്വാസ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് അനുബന്ധമായി ചേർത്തിരിക്കുന്ന മാതൃകയിൽ ഒരു രജിസ്റ്റർ തയ്യാറാക്കി ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും വിവിധ ഓഡിറ്റുകൾക്ക് വിധേയമാക്കേണ്ടതുമാണ്.

| Sl.No | CAAN | ആശ്വാസ ധനസഹായം സ്വീകരിക്കുന്ന വ്യക്തിയുടെ പേര് | വിതരണം ചെയ്യുന്ന തുക | പെൻഷൻ വിതരണം ചെയ്തു തുടങ്ങിയ തീയതി | പെൻഷൻ വിതരണം അവസാനിപ്പിച്ച തീയതി | ഒപ്പ് |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |

വിശ്വസ്തതയോടെ

**A M JAFAR**
**DIRECTOR**

സ്വീകർത്താവ്

എല്ലാ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.

Approved for issue

Senior Superintendent